# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1531 05.12.2014-ൽ മറുപടിക്ക്

## ഭൂതത്താൻ കെട്ടിലുള്ള പുരാവസ്തു സംരക്ഷണം

ചോദ്യം

ശ്രീ. റ്റി.യു.കുരുവിള:

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരിയാർ നദീതീരത്തെ ഭൂതത്താൻ കെട്ടിലുള്ള പുരാവസ്തു സംരക്ഷണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന വ്യക്തമാക്കുമോ; | (എ) ആന്റ് (ബി) | പെരിയാർ തീരത്തെ പുരാവസ്തു പ്രാധാന്യമുള്ള വസ്തുക്കളും പ്രദേശങ്ങളും വനത്തിനുള്ളിലായതിനാൽ ഇവയുടെ സംരക്ഷണത്തിന് വനം, റവന്യൂ, തദ്ദേശ സ്വയംഭരണം, വിനോദ സഞ്ചാര വകുപ്പുകളുടെ സഹകരണം ആവശ്യമാണ്. ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പെരിയാർ തീരത്തെ പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിനായി വിശദമായ നിർദ്ദേശം സമർപ്പിക്കുന്നതിന് പുരാവസ്തു വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പുരാവസ്തു ദീർഘനാളായി സംരക്ഷിക്കാതെ കിടക്കുന്നത് മൂലം അവ നശിച്ച് പോകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | ഇതിന്റെ സംരക്ഷണത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ. എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഇതിന്റെ സംരക്ഷണത്തിനുള്ള പ്രാരംഭ നടപടിയായി റവന്യൂ വിശദ വിവരം, സ്കെച്ച്,പ്ലാൻ,സർവ്വേ നമ്പർ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ